# സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)

'വിദ്യാഭവൻ', പൂജപ്പുര, തിരുവനന്തപുരം - 695 012.

തീയതി 20..09..2008

## മീൻസ് കം മെരിറ്റ് സ്കോളർഷിപ് പദ്ധതി

### സംസ്ഥാനതല തിരഞ്ഞെടുപ്പ് പരീക്ഷ 2008

### പൊതു അറിയിപ്പ്

**1. പൊതു വിവരം**

1.1 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പഠനത്തിൽ മികവ് പുലർത്തുന്നവരുമായ യുവപ്രതിഭകളെ കണ്ടെത്തി സ്കോളർഷിപ്പ് നൽകുന്നതിനായി കേരളത്തിലെ **ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ എട്ടാം ക്ലാസിൽ** പഠിക്കുന്ന വിദ്യാർഥികൾക്കായി എസ്.സി.ഇ.ആർ.ടി ഒരു സംസ്ഥാനതല പ്രതിഭാനിർണയ പരീക്ഷ, നടത്തുന്നു. വിജയികളാകുന്നവർക്ക് ഹയർ സെക്കന്ററി തലംവരെയുള്ള വിദ്യാഭ്യാസം തുടരുന്നതിനു വേണ്ടിയാണ് സ്കോളർഷിപ്പുകൾ നൽകുന്നത്.

1.2 ഇതിനായി 2008 നവംബർ മാസം 16 ന് സംസ്ഥാന തലത്തിൽ ഒരു പ്രതിഭാ നിർണയ പരീക്ഷ നടത്തുന്നതിനും അതിൽ നിന്നും 3473 വിജയികളായ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ട്.

1.3 വിജയികളാകുന്നവർക്ക് സ്കോളർഷിപ്പു തുകയായി പ്രതിമാസം 500 രൂപ നൽകുന്നതാണ്. ഇതിൽ നിശ്ചിത എണ്ണം പട്ടിക ജാതി/ പട്ടിക വർഗക്കാർക്കും അംഗവൈകല്യം ഉള്ളവർക്കുമായി നീക്കിവച്ചിട്ടുണ്ട്.

**2. പരീക്ഷയ്ക്കു ചേരാനുള്ള യോഗ്യതകൾ**

2.1 കേരളത്തിലെ ഏതെങ്കിലും **ഗവൺമെണ്ട്/ എയിഡഡ്** സ്കൂളുകളിൽ 2007 -2008 അധ്യയന വർഷം 7-ാം ക്ലാസിൽ പഠിച്ചിരുന്നവരും നിലവിൽ എട്ടാം ക്ലാസിൽ പഠനം തുടരുന്നവരുമായ വിദ്യാർത്ഥികൾക്കു മാത്രമേ തിരഞ്ഞെടുപ്പു പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളു.

2.2 2007-2008 അധ്യായനവർഷത്തിൽ 7-ാം സ്റ്റാന്റേർഡിലെ വർഷാവസാന പരീക്ഷയിൽ ഭാഷേതര വിഷയങ്ങൾക്ക് C+ (50%) ഗ്രേഡിൽ കുറയാതെ നേടിയിട്ടുള്ളവരും രക്ഷാകർത്താക്കളുടെ പ്രതിവർഷ വരുമാനം **1,50,000/-** ൽ കൂടാത്തവരുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. അക്കാര്യം സ്ഥാപന മേധാവിയെക്കൊണ്ട് അപേക്ഷയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2.3 ഓരോ കുട്ടിയും 2007 -2008 വർഷത്തിൽ 7-ാം ക്ലാസിലെ വർഷാവസാന പരീക്ഷയിൽ നേടിയ ഗ്രേഡ് കുട്ടി പഠിച്ചിരുന്ന സ്കൂൾ അധികൃതരിൽ നിന്ന് രേഖാമൂലം ലഭിച്ചതിനു ശേഷം മാത്രമേ അപേക്ഷാഫാറം സ്വീകരിക്കാവൂ.

2.4 രക്ഷിതാക്കളുടെ വാർഷിക വരുമാനം 1,50,000/- രൂപയിൽ കുറവായിരിക്കണം. ഇതു തെളിയിക്കുന്നതിന് അതാതു വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

**3. അപേക്ഷിക്കേണ്ട രീതി**

3.1 സംസ്ഥാനതല പരീക്ഷയിൽ ചേരുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിന്ന് ലഭിക്കുന്നതാണ്. കൂടാതെ എസ്.സി.ഇ.ആർ.ടിയുടെ വെബ് സൈറ്റിൽ (www.scert.kerala.gov.in) നിന്നോ ഐ.ടി. അറ്റ് സ്കൂളിന്റെ വെബ് സൈറ്റിൽ (www.itschool.gov.in) നിന്നോ ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

3.2 2008 ഒക്ടോബർ 15-ാം തീയതിയിലോ അതിനു മുമ്പോ എടുത്തിട്ടുള്ള 100 (നൂറ്) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റിനൊപ്പം പൂരിപ്പിച്ച അപേക്ഷാഫോറം അയയ്ക്കണം. ഒരു സ്കൂളിൽ നിന്ന് അപേക്ഷിക്കുന്ന എല്ലാ കുട്ടികളുടെയും അപേക്ഷാഫീസ് ഒരുമിച്ച് ശേഖരിച്ച് ഒറ്റ ഡ്രാഫ്റ്റായി, പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങളോടൊപ്പം സ്ഥാപനമേധാവിയുടെ കവറിംഗ് ലറ്റർ സഹിതം അയയ്ക്കേണ്ടതാണ്. Director, SCERT എന്ന പേരിൽ എസ്.ബി.റ്റി സർവീസ് ബ്രാഞ്ച്, തിരുവനന്തപുരത്ത് മാറ്റത്തക്ക വിധം വേണം ഡ്രാഫ്റ്റ് വാങ്ങേണ്ടത്.

3.3 എസ്.സി/ എസ്.ടി (SC/ ST) ബി.പി.എൽ (BPL) വിഭാഗത്തിൽപ്പെട്ടവരെ ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതു തെളിയിക്കുന്ന രേഖകൾ അപേക്ഷാഫോറത്തിനോടൊപ്പം വെയ്ക്കേണ്ടതാണ്.

3.4 സ്ഥാപനമേധാവി ഒപ്പുവച്ചിട്ടുള്ള പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോകൾ അപേക്ഷാ ഫോറത്തിലും പ്രവേശന കാർഡിലും നിർദ്ദേശിച്ചിട്ടുള്ള സ്ഥാനങ്ങളിൽ പതിക്കേണ്ടതാണ്.

3.5 പൂരിപ്പിച്ച അപേക്ഷാഫോറം മേൽപറഞ്ഞ രേഖകൾ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**The Nodal Officer**
**NMMS Scheme**
**State Council of Educational Research and Training (SCERT)**
**Poojappura**
**Thiruvananthapuram - 12**
കവറിനു മുകളിലായി **National Means-cum-Merit Scholarship Examination Nov 2008** എന്ന് രേഖപ്പെടുത്തിയിരിക്കണം.

3.6 പൂരിപ്പിച്ച അപേക്ഷകൾ 2008 ഒക്ടോബർ മാസം 15-ാം തിയതി വൈകുന്നേരം 5 മണിക്കു മുമ്പ് എസ്.സി.ഇ.ആർ.ടി യിൽ പ്രത്യേകം സൂക്ഷിച്ചിട്ടുള്ള പെട്ടിയിലും നിക്ഷേപിക്കാവുന്നതാണ്.

3.7 **15 ഒക്ടോബർ 2008 വൈകുന്നേരം 5 മണിവരെയായിരിക്കും അപേക്ഷകൾ തപാൽ വഴി സ്വീകരിക്കുന്നത്.**

3.8 അവസാന തീയതി കഴിഞ്ഞു കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

3.9 പരീക്ഷാർത്ഥികൾ അവരവരുടെ സെന്ററിന്റെ കോഡ് നമ്പർ ഫോറത്തിൽ നിർദ്ദേശിച്ചിട്ടുള്ള കോളത്തിൽ എഴുതേണ്ടതാണ്.

3.10 തിരഞ്ഞെടുപ്പു പരീക്ഷ നടത്തുന്നത് 2008 നവംബർ മാസം 16 ന് രാവിലെ 9 മുതൽ 01.00 വരെയാണ്.

**4. പരീക്ഷാ നടപടിക്രമം**

4.1 38 വിദ്യാഭ്യാസജില്ലകളിലും ലക്ഷദ്വീപിലും ഉള്ള പരീക്ഷാ കേന്ദ്രങ്ങളുടെ ലിസ്റ്റും കോഡും നമ്പരും അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

4.2 90 മിനിറ്റുവീതമുള്ള രണ്ടുപാർട്ടുകളായിട്ടാണ് ടെസ്റ്റ് നടത്തുന്നത്. അതിൽ ഒന്നാം പാർട്ടിൽ മനോനൈപുണി പരിശോധിക്കുന്ന 90 വസ്തുനിഷ്ഠ ചോദ്യങ്ങളുണ്ടായിരിക്കും. രണ്ടാം പാർട്ടിൽ ഭാഷേതര വിഷയങ്ങളായ ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം, സാമ്പത്തികശാസ്ത്രം, ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതം എന്നിവയിൽ നിന്ന് 90 വസ്തുനിഷ്ഠ ചോദ്യങ്ങളുണ്ടായിരിക്കും.

4.3 രണ്ടു പാർട്ടിലേയും ഓരോ ചോദ്യത്തിനും ഓരോ മാർക്കുവീതം ഉണ്ടായിരിക്കും.

4.4 രണ്ടാം പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളവ: ഈ അധ്യയന വർഷത്തിൽ കേരള സിലബസ് അനുസരിച്ചുള്ള ഏഴാം സ്റ്റാന്റേർഡിലെയും, എട്ടാം സ്റ്റാന്റേർഡിലെ ഒന്നാം ടേമിലെയും പാഠഭാഗങ്ങൾ.

4.5 യുക്തിചിന്തയും പ്രയോഗക്ഷമതയും പരീക്ഷിക്കുന്ന ഉയർന്ന നിലവാരമുള്ളതായിരിക്കും ചോദ്യങ്ങൾ.

4.6 പരീക്ഷാർത്ഥികൾ ഒന്നാം പാർട്ടിലെ ഉത്തരം ആദ്യം എഴുതേണ്ടതാണ്. ഒരു മണിക്കൂർ ഇടവേളയ്ക്കു ശേഷം രണ്ടാം പാർട്ടിലെ ഉത്തരം എഴുതണം.

4.7 ഉത്തരക്കടലാസുകളോടൊപ്പം ചോദ്യബുക്കുകളും പരീക്ഷയ്ക്ക് മേൽനോട്ടം വഹിക്കുന്ന ആളിനെ ഏൽപ്പിക്കണം.

4.8 ഉത്തരക്കടലാസുകളിൽ ഉത്തരം രേഖപ്പെടുത്തുമ്പോൾ നിർദ്ദേശങ്ങൾ പാലിക്കണം.

4.9 വിദഗ്ദമായ നിരവധി പരിശോധനകൾക്ക് ശേഷമെ റിസൾട്ട് പ്രസിദ്ധീകരിക്കുകയുള്ളു. അതിനാൽ പുനഃപരിശോധനയ്ക്കോ പുനർമൂല്യനിർണയത്തിനോ ഉള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

4.10 ഏതു ഭാഷയിലുള്ള ചോദ്യപേപ്പറാണ് വേണ്ടതെന്ന് അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തണം. ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട ഇവയിൽ ഏതും തെരഞ്ഞെടുക്കാം.

4.11 പ്രത്യക്ഷമായോ പരോക്ഷമായോ ഏതു രീതിയിലുള്ള സ്വാധീനം ചെലുത്തലും പരീക്ഷാർത്ഥിയെ അയോഗ്യനാക്കിത്തീർക്കുന്നതാണ്.

**നോഡൽ ഓഫീസർ**
(NMMS പരീക്ഷ)

**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി